പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ:116

12.06.2014-ൽ
മറുപടിയ്ക്ക്

## കയർമേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>,, കെ.ദാസൻ<br>,, എസ്.ശർമ്മ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാവുന്ന വിലവ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോ ക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രതിസന്ധി കാരണം പ്രസ്തുത മേഖലയിലെ തൊഴിലാളികൾ കടുത്ത ദാരിദ്ര്യവും പട്ടിണിയും നേരിടുന്ന കാര്യം അറിവുള്ളതാണോ; | ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കയർ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി അർഹതയുള്ള എല്ലാ സംഘങ്ങൾക്കും പ്രവർത്തന മൂലധന ഗ്രാന്റ് നൽകുക, കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകി വരുമാനം ഉറപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക, ചകിരി വാങ്ങി സബ്സിഡി നിരക്കിൽ നൽകുക എന്നിങ്ങനെ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| സി) കഴിഞ്ഞ വർഷം കയർ തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; തൊഴിൽ ദിനങ്ങളിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ; | സി)കഴിഞ്ഞവർഷം കയർ തൊഴിലാളികൾക്ക് ഏകദേശം 58 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ സ്വകാര്യമേഖല പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ല. |

| | |
|---|---|
| | വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി മുൻ വർഷത്തേക്കാൾ തൊഴിൽ ദിനങ്ങളിൽ പൊതുവായി വർദ്ധനവ് ഉണ്ട ായി ട്ടുണ്ട്. |
| ഡി) കയർമേഖലയിലെ തൊഴിലില്ലായ്മയും പ്രതിസന്ധിയും പരിഹരിക്കുന്നതിന് മുൻ സർക്കാർ നിയോഗിച്ച കയർ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ഡി) കയർമേഖലയിലെ തൊഴിലില്ലായ്മയും പ്രതിസന്ധിയും പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ കമ്മീഷൻ റിപ്പോർട്ടിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും നടപ്പാക്കി യിട്ടുണ്ട്. |
| ഇ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളെ പട്ടിണിയിൽ നിന്നും വിമുക്തമാക്കുന്നതിനും ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിന് തയ്യാറാകുമോ? | ഇ) കയർമേഖലയിലെ പ്രതിസന്ധി മറികടന്ന് പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ